**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3493** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ ആകെ എത്ര റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്ന് അറിയിക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ ഓഫീസുകൾക്കും മറ്റാവശ്യങ്ങൾക്കുമായി ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മുൻ സർക്കാരുകളുടെ കാലത്തും ഈ സർക്കാറിന്റെ കാലത്തും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (ബി) | 3 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. എക്സൈസ്, പോലീസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| (സി) | റവന്യൂ ഭൂമി ലഭിക്കുന്നതിന് എക്സൈസ് വകുപ്പ് അപേക്ഷ നൽകിയിരുന്നോ;എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും ഇക്കാര്യത്തിൽ നടപടികൾ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ? | (സി) | ഭൂമി അനുവദിക്കുന്നതിന് 08.04.2013-ൽ എക്സൈസ് വകുപ്പ് അപേക്ഷ നൽകിയിരുന്നു. ടി ഭൂമി അനുവദിക്കുന്നതിന് പോലീസ്, രജിസ്ട്രേഷൻ വകുപ്പുകളും അപേക്ഷിച്ചിട്ടുള്ളതാണ്. ടി ഭൂമിയിൽ കൈയ്യേറ്റം ഉണ്ടായിരുന്നത് ഒഴിപ്പിച്ചിട്ടുള്ളതും പോലീസ് സ്റ്റേഷന് വേറെ ഭൂമി കണ്ടെത്തിയിട്ടുള്ളതുമാണ്. ബി.ടി.ആർ. പ്രകാരം അപേക്ഷാ ഭൂമി നഞ്ച ഇനമായതിനാൽ ഇക്കാര്യത്തിൽ LLMC തീരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി എക്സൈസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ